തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻപിള്ള) : സർ,

(എ) സംസ്ഥാനത്ത് തുറമുഖ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഒരു മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനായുള്ള കരട് ബില്ല് 2009 വർഷം തന്നെ തുറമുഖ വകുപ്പ് തയ്യാറാക്കുകയും ആയത് സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ചശേഷം 2010-ൽ മന്ത്രിസഭയുടെ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കേരളാ മരിടൈം ബോർഡ് ബിൽ നിയമസഭയുടെ പരിഗണനയിലാണ്.

(ബി) ആദ്യഘട്ടത്തിൽ കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ഹൈഡ്രോഗ്രാഫിക് സർവ്വേവിംഗ്, തുറമുഖ വകുപ്പ് എന്നിവ സംയോജിപ്പിച്ചാണ് കേരള മാരിടൈം ബോർഡ് രൂപീകരിക്കുന്നത്. അതോടൊപ്പം കേന്ദ്ര മാരിടൈം ഏജൻസികളായ കോസ്റ്റ് ഗാർഡ്, നേവി, ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് എന്നീ സ്ഥാപനങ്ങളുടെ സഹകരണം ആദ്യ ഘട്ടത്തിൽ പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്തെ തുറമുഖ വികസനത്തിന് നിക്ഷേപകരെ ആകർഷിക്കുന്നതിനായി ഗ്ലോബൽ ഇൻവസ്റ്റേഴ്സ് മീറ്റ്, മാരിടൈം ബിസിനസ്സ് കോൺക്ലേവ് എന്നിവ 2010 നവംബറിൽ സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള വിവിധ തുറമുഖങ്ങളുടെ വികസനത്തിന് വേണ്ടി പ്രത്യേകം ശിൽപശാലകൾ നടത്തുവാനും പരിപാടിയുണ്ട്.

പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ

18(*168) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം ആളിയാർ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഈ വിഷയത്തിൽ ഏറ്റവും അവസാനം തമിഴ്നാടുമായി നടത്തിയ ചർച്ച എന്നായിരുന്നു ;

(സി) ചീഫ് സെക്രട്ടറി തലത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന യോഗം മാറ്റിവയ്ക്കാൻ കാരണം എന്താണ് ; മന്ത്രിതലത്തിൽ ചർച്ചയ്ക്കുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ ;

(ഡി) കരാർ പുനരവലോകനം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഇ) ഉഭയകക്ഷി ചർച്ച അനന്തമായി നീളുന്ന സാഹചര്യത്തിൽ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ,

(എ) 1988 മുതൽ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള ചർച്ചകൾ ആരംഭിച്ചു. നാളിതുവരെ മുഖ്യമന്ത്രിതലത്തിലും മന്ത്രിതലത്തിലും ചീഫ് സെക്രട്ടറിതലത്തിലും സെക്രട്ടറിതലത്തിലും നിരവധി അന്തർ സംസ്ഥാന ചർച്ചകൾ നടത്തുകയുണ്ടായി. എന്നാൽ ഈ ചർച്ചകളിലൊന്നും ഇരു സംസ്ഥാനങ്ങളും തമ്മിൽ അഭിപ്രായസമന്വയത്തിൽ എത്തുവാൻ സാധിക്കാത്തതിനാൽ പുനരവലോകനം പൂർത്തിയായിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 30-5-2008-ൽ തിരുവനന്തപുരത്ത് വച്ച് കേരള-തമിഴ്നാട് ചീഫ് സെക്രട്ടറിമാർ സമ്മേളിച്ച് പി.എ.പി. പദ്ധതി പുനരവലോകന ചർച്ച നടത്തി. ചർച്ചയിലെ തീരുമാനമനുസരിച്ച് ഇരു സംസ്ഥാനങ്ങളും അവരവരുടെ വാദമുഖങ്ങൾ പരസ്പരം കൈമാറി, 27-2-2009-ൽ ചെന്നൈയിൽ വച്ച് ചീഫ് സെക്രട്ടറിതല തുടർചർച്ച നടത്തുകയുണ്ടായി. ചർച്ചയിലെ തീരുമാനപ്രകാരം കേരള ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറിയും തമിഴ്നാട് പൊതുമരാമത്ത് വകുപ്പു സെക്രട്ടറിയും 8-4-2009-ൽ തിരുവനന്തപുരത്തു വച്ചും 24-4-2009-ൽ ചെന്നൈയിൽ വച്ചും യോഗം ചേർന്ന് ഒരു 'set of proposals' ഉണ്ടാക്കി മന്ത്രിതല ചർച്ച നടത്തുന്നതിനായി സമർപ്പിച്ചു. എന്നാൽ തമിഴ്നാട് സർക്കാർ ചീഫ് സെക്രട്ടറി തലത്തിൽ ഒരു ചർച്ച കൂടി നടത്തണമെന്ന് ആവശ്യപ്പെട്ടതിനെ തുടർന്ന് കേരളം അതിനോട് യോജിക്കുകയുണ്ടായി. ഈ ചർച്ച 2010 ഒക്ടോബർ 29-ാം തീയതി തിരുവനന്തപുരത്ത് വച്ച് നടത്താൻ തീരുമാനിക്കുകയും അതനുസരിച്ച് ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. എന്നാൽ നവംബർ ആദ്യ ആഴ്ച നിയമസഭാ സമ്മേളനം ആരംഭിക്കുമെന്നതിനാൽ ചർച്ച മാറ്റിവെയ്ക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെട്ടതിനെ തുടർന്ന് ചർച്ച മാറ്റിവച്ചു. മാറ്റിവച്ച ചർച്ച 2011 ജനുവരി 21-ാം തീയതി തിരുവനന്തപുരത്ത് വച്ച് നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) 24-4-2009-ൽ

(സി) 2010 നവംബർ ആദ്യ ആഴ്ച നിയമസഭാ സമ്മേളനം ആരംഭിക്കുന്നതിനാൽ ചർച്ച മാറ്റിവയ്ക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെട്ടതിനെ തുടർന്നാണ് 29-10-2010-ൽ നടത്താൻ തീരുമാനിച്ച ചർച്ച മാറ്റിവച്ചത്. മന്ത്രിതല ചർച്ചയ്ക്കുള്ള തീയതി തീരുമാനിച്ചിട്ടില്ല.

(ഡി) സംയുക്ത ഗെജിംഗിലൂടെ വെളിവായ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ ജലവിഹിതം വർദ്ധിപ്പിക്കണമെന്ന് ചർച്ചകളിൽ കേരളം ഉന്നയിച്ചുവരുന്ന ആവശ്യങ്ങൾ നടപ്പിലാക്കുവാൻ സാധിക്കുന്നില്ലെന്ന നഷ്ടം ഉണ്ടായിട്ടുണ്ട്.

(ഇ) 2011 ജനുവരി മാസം 21-ാം തീയതി ചീഫ് സെക്രട്ടറിതല ചർച്ച നടത്താമെന്ന് കേരളവും തമിഴ്നാടും സമ്മതിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly